# മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഹൈന്ദവർക്ക് ദേവസ്വം നിയമനങ്ങളിൽ സംസ്ഥാനസർക്കാർ 10% സംവരണം ഏർപ്പെടുത്തി

ഹൈന്ദവരിലെ മുന്നാക്കവിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വളരെയധികം ആളുകളുണ്ട്. ഇവർക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നടക്കുന്ന നിയമനങ്ങളിൽ സംവരണത്തിന്റെ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിച്ചിരുന്നില്ല. ഇവർക്കുകൂടി അർഹമായ ആനുകൂല്യം നല്കണമെന്നത് സാമൂഹികനീതി മാത്രമാണ്. അത് ക്ഷേത്രങ്ങളുടെ നിലനില്പിനും സമുദായസന്തുലിതാവസ്ഥയ്ക്കും അത്യന്താപേക്ഷിതവുമാണ്.

സംസ്ഥാനത്തെ ഭൂരിഭാഗം ക്ഷേത്രങ്ങളുടെയും ഭരണനിർവ്വഹണം നടത്തുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, മലബാർ ദേവസ്വം ബോർഡ് എന്നിവയാണ്. നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമമനുസരിച്ചാണ് ഓരോ ദേവസ്വം ബോർഡും ഭരണനിർവ്വഹണം നടത്തിവരുന്നത്. ചട്ടങ്ങൾ പ്രകാരം തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലും, ഗുരുവായൂർ-കൂടൽമാണിക്യം ദേവസ്വങ്ങളിലും ജീവനക്കാരുടെ നിയമനങ്ങൾ അതാത് സ്ഥാപനങ്ങൾ തന്നെയാണ് നിർവ്വഹിച്ചുപോന്നിരുന്നത്.

2006-ൽ ബഹു.ഹൈക്കോടതി നിയോഗിച്ച റിട്ട.ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ എല്ലാ ദേവസ്വം ബോർഡുകളിലെയും ജീവനക്കാരുടെ നിയമനങ്ങൾക്കായി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. അതനുസരിച്ച്, മുൻസർക്കാരിന്റെ കാലത്ത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നല്കാൻ ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി നല്കിയ റിപ്പോർട്ടിലൂടെ സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളിലെയും (ഗുരുവായൂർ, കൂടൽമാണിക്യം ഉൾപ്പെടെ) നിയമനങ്ങൾക്കുവേണ്ടി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുക; നിയമനങ്ങളിൽ ഹിന്ദുമതത്തിലെ വിവിധ പിന്നാക്കവിഭാഗങ്ങൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള അതേ ശതമാനം സംവരണം ഏർപ്പെടുത്തുക; പബ്ലിക് സർവ്വീസ് കമ്മീഷനിൽ സംവരണം നല്കുകയും എന്നാൽ ദേവസ്വം ബോർഡുകളിൽ സംവരണം നല്കാൻ കഴിയാത്തതുമായ മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട 18% സംവരണം ഹൈന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് അനുവദിക്കുക എന്നീ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത്.

ഈ ശിപാർശ പരിഗണിച്ച സർക്കാർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും ഹൈന്ദവരിലെ പിന്നാക്കവിഭാഗങ്ങൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷനിൽ ലഭിച്ചുവരുന്ന 32 ശതമാനം സംവരണം അതേപടി പ്രസ്തുത വിഭാഗങ്ങൾക്ക് ദേവസ്വം നിയമനങ്ങളിൽ നല്കുന്നതിനും തീരുമാനിച്ചു. പക്ഷേ, ബാക്കിയുള്ള 18 ശതമാനം സംവരണം, ഹൈന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നല്കാതെ, അത് മെരിറ്റ് വിഭാഗത്തോട് കൂട്ടിച്ചേർത്ത് മെരിറ്റ് 68 ശതമാനം ആയി ഉയർത്തിക്കൊണ്ടുമാണ് തീരുമാനമെടുത്തത്.

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനു മുമ്പ്, ദേവസ്വംബോർഡുകൾ തന്നെയാണ് അവിടത്തെ നിയമനങ്ങൾ നടത്തിവന്നിരുന്നത്. യാതൊരുവിധ സംവരണവും അവിടെ നല്കിയിരുന്നില്ല. റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതിനെ തുടർന്നാണ് നിയമങ്ങളിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്യുകയും സംവരണം ഏർപ്പെടുത്തുകയും ചെയ്തത്. അതനുസരിച്ച് ഹൈന്ദവരിലെ പിന്നാക്കവിഭാഗങ്ങൾക്ക് പി.എസ്.സി.യിലെപ്പോലെ 32% സംവരണം ദേവസ്വം നിയമനങ്ങളിൽ ഏർപ്പെടുത്തുകയും ഈയിടെ നടന്ന ശാന്തിക്കാരുടെ നിയമനങ്ങളിൽ അപ്രകാരം സംവരണം നല്കുകയുമുണ്ടായി.

ദാരിദ്ര്യത്തെപ്പോലും അതിജീവിച്ച്, ക്ഷേത്രോൽപത്തി മുതൽ അവയുടെ പരിപാലനത്തിലും നടത്തിപ്പിലും ഏർപ്പെട്ടുവരുന്ന ഹൈന്ദവരിലെ ഒരു വിഭാഗത്തെ മുന്നാക്കമെന്നു മുദ്രകുത്തി മാറ്റിനിർത്തി, അവരിലെ പാവപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ് ഇതുവഴി ചെയ്തത്. ഇത് ഒരുതരത്തിലും ന്യായീകരിക്കാവുന്നതല്ല.

ഇതിന് ഒരു പരിഹാരമെന്നവണ്ണമാണ് ദേവസ്വം നിയമനങ്ങളിൽ ഒരു നിശ്ചിത ശതമാനം സംവരണം ഹൈന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കു നല്കണമെന്ന ആവശ്യം ഇപ്പോഴത്തെ സംസ്ഥാന സർക്കാർ മുമ്പാകെ എൻ.എസ്.എസ്. ഉന്നയിച്ചത്. ഇതുകൂടി കണക്കിലെടുത്താണ് ദേവസ്വം നിയമനങ്ങളിൽ ഹൈന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10% സംവരണം അനുവദിച്ചുകൊണ്ട് ഇപ്പോൾ സംസ്ഥാനസർക്കാരിന്റെ പ്രഖ്യാപനം ഉണ്ടായിരിക്കുന്നത്. കൂടാതെ, കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി, മറ്റുമേഖലകളിൽകൂടി ഈ വിഭാഗത്തിൽപെട്ടവർക്ക് സംവരണം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും പ്രഖ്യാപനമുണ്ടായിട്ടുണ്ട്. എല്ലാവർക്കും തുല്യനീതി ഉറപ്പുവരുത്താനുള്ള സംസ്ഥാനസർക്കാരിന്റെ ഈ നീക്കം സ്വാഗതാർഹമാണ്.